LIBRARY ARCHIVES Kerala Legislative Assembly

ഭൂജല വകുപ്പ് :

ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിക്കായി 2011-12 സാമ്പത്തികവർഷം 50 ലക്ഷം രൂപയും 2012-13 -ൽ 50 ലക്ഷം രൂപയും 2013-14-ൽ 60 ലക്ഷം രൂപയും 2014-15-ൽ 70 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ യഥാക്രമം 49 ലക്ഷം, 44 ലക്ഷം, 58.5 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലെ പദ്ധതികൾ നടപ്പാക്കിവരുന്നു. ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്ന പദ്ധതിയിലും ആവശ്യമായ ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി :

ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ജലനിധി :

പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിൽ പ്രവത്തിച്ചു വരുന്ന സഹായസംഘടനയുടെ എഞ്ചിനീയർമാരും ജലനിധിയുടെ എഞ്ചിനീയർമാരും ചേർന്ന് GWR proposals, estimates എന്നിവ ഉണ്ടാക്കുകയും റീജിയണൽ ഓഫീസിൽ നിന്നും സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നു.

വെള്ളക്കരം വർദ്ധന

203 (911) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് അവതരണസമയത്ത് മുൻകൂട്ടി കാണാൻ കഴിയാതിരുന്ന എന്തു സാഹചര്യമാണ് കുടിവെള്ള വില വർദ്ധന അടിയന്തരമായി നടപ്പിലാക്കാൻ കാരണമായത് ;

(ബി) ഓരോ സ്ലാബിലുമുള്ളവർക്ക് എത്ര ശതമാനം വീതമാണ് വില വർദ്ധന നടത്തിയിരിക്കുന്നതെന്നും ഇതുവഴി സമാഹരിക്കാൻ ലക്ഷ്യമിടുന്ന അധിക തുകയെത്രയാണെന്നും അറിയിക്കാമോ ; വെള്ളക്കരം കുടിശ്ശിക എത്ര കോടി പിരിഞ്ഞു കിട്ടാനുണ്ട് ;

(സി) ഇപ്പോൾ വെള്ളം ശുദ്ധീകരിച്ചു വിതരണം ചെയ്യുന്നതിനുണ്ടാകുന്ന പ്രതിലിറ്റർ ചെലവെത്രയെന്നും വരവ് എത്രയെന്നും അറിയിക്കാമോ ;

(ഡി) അടിസ്ഥാനാവശ്യമായ കുടിവെള്ളത്തിന്റെ വിതരണം വാണിജ്യവൽക്കരിച്ച് സർക്കാർ സേവനം ഇല്ലാതാക്കാൻ ലക്ഷ്യമിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുടിവെള്ള ചാർജ്ജ് ബഡ്ജറ്റിലൂടെയല്ല വർദ്ധിപ്പിക്കാറുള്ളത്. കുടിവെള്ള ചാർജ്ജ് അവസാനമായി വർദ്ധിപ്പിച്ചത് 2008-ൽ ആണ്. റവന്യൂ വരവും ചെലവും തമ്മിലുള്ള അന്തരം വളരെയധികം വർദ്ധിച്ചതിനാലും വൈദ്യുതി ചാർജ്ജ്, അറ്റകുറ്റപ്പണി, രാസവസ്തുക്കളുടെ വിലവർദ്ധനവ് എന്നിവയിൽ വന്ന വർദ്ധനവ് കാരണവുമാണ് നിലവിൽ കുടിവെള്ള ചാർജ്ജ് വർദ്ധനവ് അനിവാര്യമായി വന്നത്.

(ബി) പുതുക്കിയ സ്ലാബ് ചുവടെ ചേർക്കുന്നു :

15 കി.ലി. മുതൽ 20 കി.ലി. വരെ - 35.11%

20 കി.ലി. മുതൽ 25 കി.ലി. വരെ - 49.18 %

25 കി.ലി. മുതൽ 30 കി.ലി. വരെ - 82.73 %

30 കി.ലി. മുതൽ 40 കി.ലി. വരെ - 109.59 %

40 കി.ലി. മുതൽ 50 കി.ലി. വരെ - 96. 27%

അധികമായി പ്രതിവർഷം ഏകദേശം 176 കോടി രൂപ പിരിക്കാനാണ് ലക്ഷ്യമിടുന്നത്. 31-3-2014 വരെ പിഴയും പിഴപ്പലിശയും ചേർന്ന് വെള്ളക്കര കുടിശ്ശിക 613.78 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(സി) വെള്ളം ശുദ്ധീകരിക്കുന്നതിനുള്ള പ്രതിലിറ്റർ ചെലവ് 0.02 രൂപയാണ് (2 പൈസ). പ്രതിലിറ്റർ വരവ് 0.01 രൂപയാണ് (1 പൈസ).

(ഡി) സർക്കാർ ഇപ്രകാരം ലക്ഷ്യമിടുന്നില്ല.

ജലഗുണനിലവാര പരിശോധന നടത്താൻ പദ്ധതികൾ

204 (912) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജല ഗുണനിലവാര പരിശോധന നടത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly